"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മുൻ തൃശ്ശൂർ വികസന അതോറിറ്റി - പത്താം ശമ്പളപരിഷ്കരണ ഉത്തരവിന്റെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി അതോറിറ്റിയിൽ നിന്നും ടൗൺ പ്ലാനറായി വിരമിച്ച ശ്രീ.പി.ജി.സുഭാഷ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A[Ekm]No.575/2019 നമ്പർ കേസിന്മേലുള്ള 12.06.2019-ലെ വിധിന്യായം - കോടതി നിർദ്ദേശം പാലിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1878/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/10/2020

---

പരാമർശം:- 1 സ.ഉ(പി)നം.7/2016/ധന തീയതി 20.01.2016.

2 സ.ഉ(കൈ)നം.54/2017/തസ്വഭവ തീയതി 10.03.2017.

3 സ.ഉ(കൈ)നം.73/2017/തസ്വഭവ തീയതി 30.03.2017.

4 തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ ശ്രീ.പി.ജി.സുഭാഷ് സമർപ്പിച്ച 18.03.2018 തീയതിയിലെ നിവേദനം.

5 തൃശ്ശൂർ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 07.05.2019 -ലെ ജി.14-38594/2017 നമ്പർ നടപടിക്രമം.

6 തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 16.05.2019, 14.10.2019 തീയതികളിലെ G14/15114/19 നമ്പർ കത്തുകൾ.

7 O.A[Ekm]No.575/2019-ന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.06.2019 തിയതിയിലെ വിധിന്യായം.

8 M.A(Ekm)No.1658/2019-ന്മേലുള്ളബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 20.09.2019 തിയതിയിലെ വിധിന്യായം.

**ഉത്തരവ്**

തൃശ്ശൂർ വികസന അതോറിറ്റി പരാമർശം (2) ഉത്തരവ് പ്രകാരം നിർത്തലാക്കുകയും ആസ്തികളും ബാധ്യതകളും ജീവനക്കാരെയും തൃശ്ശൂർ കോർപ്പറേഷന് പരാമർശം (3) ഉത്തരവ് പ്രകാരം കൈമാറുകയും ചെയ്തിരുന്നു. തൃശ്ശൂർ വികസന അതോറിറ്റിയിൽ നിന്നും 31.05.2015-ൽ ടൗൺ പ്ലാനർ തസ്തികയിൽ വിരമിച്ച ശ്രീ.പി.ജി.സുഭാഷ് പരാമർശം (1) ഉത്തരവ് പ്രകാരമുള്ള പത്താം ശമ്പളപരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ ശമ്പള സ്കെയിൽ അനുവദിച്ച് പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിക്കണമെന്ന് പരാമർശം (4) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. സമാന ആവശ്യവുമായി ടിയാൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A[Ekm] No.575/2019 നമ്പർ കേസിന്മേൽ പരാമർശം (7) വിധിന്യായത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവായി.

" The Original Application is disposed of directing the first respondent to take appropriate action to re-fix the pay and pensionary benefits due to the applicant in accordance with the 10th Pay Revision Order and to disburse the arrears of pay from 1.7.2014 to 31.5.2015 and the pension arrears including the DCRG

amount. The 5th respondent Government shall also pass appropriate orders on Annexure A12 representation preferred by the applicant sanctioning the 10th Pay Revision benefits to the applicant who, by virtue of the merging of the TUDA with the Thrissur Municipal Corporation, is a member of the Municipal Service. Appropriate orders shall be issued by the fifth respondent within a period of two months from the date of receipt of a copy of this order "

2) ഈ കാലയളവിൽ തൃശ്ശൂർ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എൻജിനീയറുടെ പരാമർശം (5) നടപടിക്രമം പ്രകാരം പരാതിക്കാരന് പത്താം ശമ്പളപരിഷ്കരണ അനുകൂല്യങ്ങൾ അനുവദിച്ച് ശമ്പളം പുനർനിർണ്ണയിച്ചിരുന്നു. കൂടാതെ ശമ്പളം പുനർനിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ റിവിഷൻ ചെയ്ത് ഓഡിറ്റ് വകുപ്പിന്റെ അംഗീകാരത്തിനായി കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ട്. ടി നടപടിക്രമം സാധൂകരിക്കണമെന്ന് സർക്കാരിനോട് പരാമർശം (6) പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി സർക്കാരിനോട് അഭ്യർഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. O.A[Ekm]No.575/2019 നമ്പർ കേസിൽ സർക്കാർ ഫയൽ ചെയ്ത M.A(Ekm)1658/2019 നമ്പർ എക്സ്റ്റൻഷൻ പെറ്റിഷനിന്മേൽ ബഹു.ട്രിബ്യൂണലിന്റെ പരാമർശം (8) ഉത്തരവിൽ പരാതിക്കാരന് പത്താം ശമ്പളപരിഷ്കരണ അനുകൂല്യങ്ങൾ അനുവദിച്ച ടി കേസിലെ ഒന്നാം എതിർകക്ഷിയായ തൃശ്ശൂർ കോർപ്പറേഷന്റെ നടപടി ബഹു.കോടതി അംഗീകരിച്ചിരുന്നു. ഈ സാഹചര്യത്തിൽ നിർത്തലാക്കിയ തൃശ്ശൂർ വികസന അതോറിറ്റിയിൽ നിന്നും 31.05.2015-ൽ ടൗൺ പ്ലാനർ തസ്തികയിൽ വിരമിച്ച ശ്രീ.പി.ജി.സുഭാഷിനു 10-ാം ശമ്പളപരിഷ്കരണ ഉത്തരവിന്റെ ആനുകൂല്യം അനുവദിച്ച തൃശ്ശൂർ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എൻജിനീയറുടെ പരാമർശം (5) നടപടിക്രമം സാധൂകരിച്ച് ഉത്തരവാകുന്നു. അപ്രകാരം O.A[Ekm] No.575/2019 നമ്പർ കേസിലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (7) ലെ വിധിന്യായം നടപ്പിലാക്കികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി .കെ. പ്രതാപൻ**
**ജോയിന്റ് സെക്രട്ടറി**

ശ്രീ.പി.ജി.സുഭാഷ്, പൊയ്യാറ ഹൗസ്, കാരാളം പി.ഒ, തൃശ്ശൂർ- 680 711
സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.(ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ & ഇ&ആർ.എസ്.എ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.(05.07.2019-ലെ കെ.എസ്.എ.946/എസ്.1/2019 പ്രകാരം)
ധനകാര്യ (ഡവലപ്മെന്റ്) വകുപ്പ് (04.08.2020-ലെ U.O ഡവ-1/289/2019-ഫിൻ പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ